**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3341** **13-07-2022 - ൽ മറുപടിയ്ക്ക്**

**പട്ടയം നൽകുന്നതിനുള്ള ജോയിന്റ് വെരിഫിക്കേഷൻ**

| **ചോദ്യം** | | **ഉത്തരം** | |
|---|---|---|---|
| **ശ്രീമതി ശാന്തകുമാരി കെ.** | | **ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി)** | |
| (എ) | മണ്ണാർക്കാട് താലൂക്കിൽ കൈവശഭൂമിക്ക് പട്ടയം നൽകുന്നതിനായി ജോയിന്റ് വെരിഫിക്കേഷൻ നടത്തുന്നതിനു എത്ര അപേക്ഷകൾ നിലവിലുണ്ടെന്ന് വ്യക്തമാക്കാമോ; ജോയിന്റ് വെരിഫിക്കേഷൻ പൂർത്തീകരിച്ച എത്ര അപേക്ഷകളുണ്ട്; | (എ) | മണ്ണാർകാട് താലൂക്കിൽ കൈവശ ഭൂമിക്ക് പട്ടയം നൽകുന്നതിനായി വനം -റവന്യൂ വകുപ്പുകൾ സംയുക്തപരിശോധനകൾ നടത്തി 01.01.1977 ന് മുമ്പുള്ള വനം കുടിയേറ്റ കൈവശമായി കണ്ടെത്തിയ 465 അപേക്ഷകളുടെ പട്ടിക തയ്യാറാക്കിയിട്ടുണ്ട്. |
| (ബി) | ജോയിന്റ് വെരിഫിക്കേഷൻ പൂർത്തീകരിച്ചതിൽ എത്ര പേർക്ക് പട്ടയം നൽകിയെന്ന് വ്യക്തമാക്കാമോ; | (ബി) | ജോയിന്റ് വെരിഫിക്കേഷൻ പൂർത്തീകരിച്ച മേൽ പറഞ്ഞ അപേക്ഷകളിലൊന്നും പട്ടയം അനുവദിച്ചിട്ടില്ല. |
| (സി) | പ്രസ്തുത താലൂക്കിൽ കൈവശഭൂമിയിൽ ജോയിന്റ് വെരിഫിക്കേഷൻ നടത്തി പട്ടയം കൊടുക്കുന്നതിനു തടസമുണ്ടോ എന്ന് വിശദമാക്കാമോ; പട്ടയ നടപടികൾ എന്നത്തേക്ക് പൂർത്തീകരിക്കുമെന്ന് അറിയിക്കാമോ? | (സി) | ജോയിന്റ് വെരിഫിക്കേഷൻ പൂർത്തീകരിച്ച അപേക്ഷകൾ ഫോറസ്റ്റ് പരിവേശ് സൈറ്റിൽ അപ്ലോഡ് ചെയ്യുന്നതിന് ഓരോ അപേക്ഷകരുടേയും വ്യക്തിഗത സ്കെച്ച് ലഭ്യമല്ലാത്തതിനാലും, നിലവിലെ ഫോറസ്റ്റ് അതിർത്തി നിർണ്ണയത്തിന് അപേക്ഷകർ സംഘടിതമായി തടസ്സം നിൽക്കുന്നതിനാലും സർവ്വെ നടപടികൾ പൂർത്തീകരിച്ചിട്ടില്ലാത്തതാണ്. ടി കാരണത്താലും മറ്റ് സാങ്കേതിക പ്രശ്നങ്ങളാലും ഫോറസ്റ്റ് പരിവേശ് സൈറ്റിൽ അപ്ലോഡ് ചെയ്യുന്നതിന് കഴിഞ്ഞിട്ടില്ല. തർക്കങ്ങളും സാങ്കേതിക പ്രശ്നങ്ങളും പരിഹരിച്ച് എത്രയും പെട്ടന്ന് പോർട്ടലിൽ അപ്ലോഡ് ചെയ്ത് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്. തുടർന്ന് കേന്ദ്ര സർക്കാരിന്റെ അനുമതി ലഭ്യമായാൽ ഉടൻ തന്നെ പട്ടയ വിതരണം ആരംഭിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ